**കേരള സർക്കാർ**

**സംഗ്രഹം**

എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ - എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 18.07.2008 -ൽ മരണപ്പെട്ട വി.സദാനന്ദന്റെ ഭാര്യയായ **ശ്രീമതി.സുശീല.ജെ - യ്ക്ക്** കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ.(സാധാ).നം 5225/2018/ധന** **തിരുവനന്തപുരം,തീയതി :21/06/2018**

---

പരാമർശം :- (1) 20.01.2016 ലെ സ.ഉ(പി)നം.9/2016/ധന നമ്പർ ഉത്തരവ്.

(2) ആറ്റിങ്ങൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 28.03.2018, 24.05.2018 എന്നീ തീയതികളിലുള്ള ഡി/841/2018 നമ്പർ കത്ത്.

(3) PPO No. TVM 34771

(4) Form No.6 ലുള്ള അപേക്ഷ.

**ഉത്തരവ്**

പിള്ളയാർകുളം ഗവണ്മെന്റ് യു.പി. സ്കൂളിൽ പ്യൂൺ ആയി സർവീസിലിരിക്കവേ 30.09.1994 - ൽ വിരമിച്ച ശ്രീ.സദാനന്ദൻ.വി. എക്സ്ഗ്രേഷ്യാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 18.07.2008-ൽ മരണപ്പെട്ടതിനാൽ പരാമർശം (1) ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് പരേതന്റെ ഭാര്യ **ശ്രീമതി.സുശീല.ജെ.-യ്ക്ക്** എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിയ്ക്കുന്നു.

2.. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 10 ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട സദാനന്ദൻ.വി.- യുടെ സർവ്വീസ് കാലയളവ് 7 വർഷം ആകയാലും പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ഭാര്യ **ശ്രീമതി.സുശീല.ജെ. - യ്ക്ക് 1785/- രൂപ 01.07.2014 മുതൽ** എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവാകുന്നു. 1785/- രൂപയ്ക്ക് അർഹതപ്പെട്ട ക്ഷാമാശ്വാസത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

3. പ്രസ്തുത പെൻഷൻ നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് " 2071-01-105-99 കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്, ആറ്റിങ്ങൽ.പി.ഓ., ആറ്റിങ്ങൽ.
5. ശ്രീമതി. സുശീല.ജെ,സനിൽ നിവാസ്,റ്റി.എച്ച്.സി.നം.92,കടവൂർ.പി.ഓ, മേൽതോന്നയ്ക്കൽ,തിരുവനന്തപുരം. പിൻ : 695313
6. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ആറ്റിങ്ങൽ
7. നോഡൽ ആഫീസർ, www.finance.kerala.gov.in.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (E-809527)

ഉത്തരവിൻ പ്രകാരം

Sreelekha

സെക്ഷൻ ഓഫീസർ